# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മലപ്പുറം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM 04/1253/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 21/06/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മലപ്പുറം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (AIMS മുഖേന)
2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മിഷണർ (ജനറൽ ),മലപ്പുറം
3)കാര്യാലയ പകർപ്പ്

നമ്പർ: KSAMPM 04/1253/2022 തീയ്യതി: 21/06/2022

## മലപ്പുറം ജില്ലയിലെ മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 31-07-2020 മുതൽ 18-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-05-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സൈമൺ. കെ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 19-05-2022 | 30-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-05-2022 | 30-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ.അബ്ദുള്ള.എ.സി , ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
2.ശ്രീ.മുഹമ്മദ് ഫസലുറഹ്മാൻ.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3.ശ്രീ.യൂസഫ്.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4.ശ്രീമതി.സുജാത.എം, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സലീന ടീച്ചർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി.നിർമ്മല.ടി | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അനിൽദാസ്.കെ.ടി | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സമീന.ഇ | അസി. എഞ്ചിനീയർ | 01-04-2019 | 21-07-2019 |
| ശ്രീമതി.മിനിമോൾ.എൻ | അസി. എഞ്ചിനീയർ | 22-07-2019 | 31-03-2020 |
| ശ്രീ.അനിൽ കുമാർ.സി | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 10-11-2019 |
| ശ്രീമതി.മിനി ചിത്രംപള്ളി | പട്ടികജാതി വികസന ഓഫീസർ | 11-11-2019 | 31-03-2020 |
| ശ്രീ.ഷിഹാബുൾ അക്ബർ.സി.ടി | വ്യവസായ വികസന ഓഫീസർ | 01-04-2019 | 19-01-2020 |
| ശ്രീമതി.സുബൈദ.കെ | വ്യവസായ വികസന ഓഫീസർ | 20-01-2020 | 31-03-2020 |
| ശ്രീമതി.ബിന്ദു.എം.കെ | സി.ഡി.പി.ഒ(റൂറൽ) | 01-04-2019 | 05-06-2019 |
| ശ്രീമതി.ഷീബ എഡ്വേർഡ് | സി.ഡി.പി.ഒ(റൂറൽ) | 06-06-2019 | 16-07-2019 |
| ശ്രീമതി.ഇന്ദിര.പി.കെ | സി.ഡി.പി.ഒ(റൂറൽ) | 17-07-2019 | 08-12-2019 |
| ശ്രീമതി.യശോദ.പി | സി.ഡി.പി.ഒ(റൂറൽ) | 09-12-2019 | 31-03-2020 |
| ശ്രീമതി.റോസിലി മാത്യു | കൃഷി അസി.ഡയറക്ടർ | 01-04-2019 | 15-09-2019 |
| ശ്രീ.ജെയ്സൽ ബാബു.എൻ | കൃഷി അസി.ഡയറക്ടർ | 16-09-2019 | 30-09-2019 |
| ശ്രീമതി.റോസിലി മാത്യു | കൃഷി അസി.ഡയറക്ടർ | 01-10-2019 | 31-03-2020 |
| ശ്രീമതി.മഞ്ജു.വി | ക്ഷീര വികസന ഓഫീസർ | 01-04-2019 | 28-06-2019 |
| ശ്രീമതി.നസീമ.കെ | ക്ഷീര വികസന ഓഫീസർ | 29-06-2019 | 31-03-2020 |
| ശ്രീമതി.മേരി ജോൺ | ശിശു വികസന പദ്ധതി ഓഫീസർ ,അഡീഷണൽ | 01-04-2019 | 31-03-2020 |
| ഡോ.ഷമീമ തസ്നി | മെഡിക്കൽ ഓഫീസർ ( CHC പൂക്കോട്ടൂർ) | 01-04-2019 | 21-04-2019 |
| ഡോ.അലിയാമു.ടി.കെ | മെഡിക്കൽ ഓഫീസർ ( CHC പൂക്കോട്ടൂർ) | 22-04-2019 | 31-03-2020 |

-

# ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sujatha M (Auditor, On 21-05-2022)<br>Last Updated By: Sujatha M (Auditor, On 21-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Sujatha M (Auditor, On 21-05-2022)<br>Last Updated By: Sujatha M (Auditor, On 21-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sujatha M (Auditor, On 21-05-2022)<br>Last Updated By: Sujatha M (Auditor, On 21-05-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sujatha M (Auditor, On 21-05-2022)<br>Last Updated By: Sujatha M (Auditor, On 21-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sujatha M (Auditor, On 21-05-2022)<br>Last Updated By: Sujatha M (Auditor, On 22-05-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sujatha M (Auditor, On 21-05-2022)<br>Last Updated By: Sujatha M (Auditor, On 21-05-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Sujatha M (Auditor, On 21-05-2022)<br>Last Updated By: Sujatha M (Auditor, On 21-05-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Sujatha M (Auditor, On 21-05-2022)<br>Last Updated By: Yousuf.P (Asst. Audit Officer, On 31-05-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: A.C.Abdulla (Audit Officer, On 31-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sujatha M (Auditor, On 21-05-2022)<br>Last Updated By: Sujatha M (Auditor, On 21-05-2022) | 1-10 |
| 11 | വാർഷിക കണക്ക് അപാകതകൾ<br>Written By: Yousuf.P (Asst. Audit Officer, On 30-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-11 |
| 12 | അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ - യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല.<br>Written By: Sujatha M (Auditor, On 30-05-2022)<br>Last Updated By: Sujatha M (Auditor, On 30-05-2022) | 1-12 |
| 13 | വാഹന വാടക – കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ക്വട്ടേഷൻ സ്വീകരിച്ചില്ല. 15000/- രൂപ നഷ്ടം.<br>Written By: Sujatha M (Auditor, On 30-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-13 |
| 14 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് നവീകരണം - സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രൊജക്റ്റ് നടപ്പാക്കി.<br>Written By: Sujatha M (Auditor, On 30-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-14 |
| 15 | ഇ ടെണ്ടർ - ടെണ്ടർ ഫീ ബ്ലോക്ക് ഫണ്ടിൽ ഒടുക്ക് വരുത്തിയിട്ടില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 30-05-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 30-05-2022) | 1-15 |
| 16 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് നവീകരണം- പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ<br>Written By: Muhammed Fasalurahman (Asst. Audit Officer, On 30-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-16 |
| 17 | പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം- പിഴ ഈടാക്കിയില്ല<br>Written By: Muhammed Fasalurahman (Asst. Audit Officer, On 31-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-17 |
| 18 | ഷി ടോയ്‌ലെറ്റ് & ഷി സെന്റർ നിർമാണം - ബ്ലോക്ക് പഞ്ചായത്തിന് നടപ്പാക്കാൻ | 1-18 |

| | | |
|---|---|---|
| | അനുമതിയില്ലാത്ത പ്രൊജക്റ്റ് നടപ്പാക്കി<br>Written By: Muhammed Fasalurahman (Asst. Audit Officer, On 31-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | |
| 19 | പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം<br>Written By: Muhammed Fasalurahman (Asst. Audit Officer, On 31-05-2022)<br>Last Updated By: Unni.P (Deputy Director, On 21-06-2022) | 1-19 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sujatha M (Auditor, On 21-05-2022)<br>Last Updated By: Sujatha M (Auditor, On 21-05-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sujatha M (Auditor, On 21-05-2022)<br>Last Updated By: Sujatha M (Auditor, On 21-05-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sujatha M (Auditor, On 21-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Sujatha M (Auditor, On 21-05-2022)<br>Last Updated By: Sujatha M (Auditor, On 21-05-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sujatha M (Auditor, On 21-05-2022)<br>Last Updated By: Sujatha M (Auditor, On 21-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Sujatha M (Auditor, On 21-05-2022)<br>Last Updated By: Sujatha M (Auditor, On 21-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sujatha M (Auditor, On 21-05-2022)<br>Last Updated By: Sujatha M (Auditor, On 21-05-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Sujatha M (Auditor, On 21-05-2022)<br>Last Updated By: Sujatha M (Auditor, On 21-05-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Sujatha M (Auditor, On 21-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sujatha M (Auditor, On 21-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകൾ<br>Written By: Sujatha M (Auditor, On 21-05-2022)<br>Last Updated By: Unni.P (Deputy Director, On 21-06-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2019-20ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1 (1)/20-03-2019 | 1 (1)/25-03-2020 |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31.07.2020 | 02.06.2020 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12032865 |
| വരവ് | 39075775 |
| ആകെ | 51108640 |
| ചെലവ് | 42337551 |
| നീക്കിയിരിപ്പ് | 8771089 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 00 | 41839000 | 41839000 | 20457856 | 21381144 |
| വികസനഫണ്ട് (എസ്.സി.പി) | 00 | 10029000 | 10029000 | 5906828 | 4122172 |
| വികസനഫണ്ട് (ടി.എസ്.പി) | 00 | 326000 | 326000 | 00 | 326000 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 00 | 5474000 | 5474000 | 3704866 | 1769134 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2019-20 | 102 | 72948437 | 55 | 33279404 | 0 | 47 | 53.92 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ - ഇല്ല

### 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.05.2022 ന് 10.30ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. തൊട്ടു മുൻപത്തെ പ്രവൃത്തി ദിവസം കളക്ഷൻ ഇല്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1.സ്റ്റോക്ക് രജിസ്റ്റർ പൂർണ്ണവിവരം ചേർത്ത് എഴുതി സൂക്ഷിച്ചിട്ടില്ല.
2.സെക്രട്ടറി പ്രൊജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
3.പ്രൊജക്ട് ഫയലുകളിൽ എല്ലാ രേഖകളും ചേർത്ത് വച്ച് പൂർണ്ണമാക്കി സൂക്ഷിക്കുന്നില്ല.
4.ഡെപ്പോസിറ്റ് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററുകൾ പൂർണ്ണവിവരം ചേർത്ത് സൂക്ഷിക്കുന്നില്ല.

## 1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ്(എ.ഡി.സി) | 29.07.2021 മുതൽ 10.08.2021 വരെ | 2019 -20, 2020-21 | 23-09-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.11.2013 | 2008-09 മുതൽ 2012-13 വരെ | 02-01-2014 |

## 1-11 വാർഷിക കണക്ക് അപാകതകൾ

1). 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2). വാടക ഡിമാന്റ് (തന്നാണ്ട്) , ബാലൻസ് (കുടിശ്ശിക, തന്നാണ്ട്) എന്നിവ വാടക രജിസ്റ്ററും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | ബാലൻസ് | |
|---|---|---|---|
| | തന്നാണ്ട് | കുടിശ്ശിക | തന്നാണ്ട് |
| രജിസ്റ്റർ | 142800 | 22900 | 112800 |
| വാർഷിക കണക്ക് | 169200 | 12310 | 139200 |

3). Stock In Hand ഷെഡ്യൂൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

4). RP-47ഷെഡ്യൂൾ പ്രകാരം തൻവർഷം 761434 രൂപ മുൻകൂർ നൽകിയിട്ടുണ്ട്. B-18 ഷെഡ്യൂൾ പ്രകാരം 13,21,905 രൂപയുടെ മുൻകൂർ ക്രമീകരിക്കാനുമുണ്ട്. ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്ററിൽ കൃത്യതയോടെയും പൂർണ്ണ വിശദാംശങ്ങൾ സഹിതവും വിവരം ചേർത്തിട്ടില്ലാത്തതിനാൽ തുകകളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

5). B-7 പ്രകാരം 485653 രൂപയുടെ ഡെപ്പോസിറ്റ് ബാധ്യതയുണ്ട്. RP-34 ഷെഡ്യൂൾ പ്രകാരം തൻവർഷം 303652 രൂപയുടെ ഡെപ്പോസിറ്റ് സ്വീകരിക്കുകയും 247239 രൂപയുടെ ഡെപ്പോസിറ്റ് തിരികെ നൽകുകയും ചെയ്തിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തുകകളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

6) RP-38ഷെഡ്യൂൾ പ്രകാരം തൻവർഷം 2039258 ചെലവഴിച്ച് ആസ്തി സൃഷ്ടിച്ചിട്ടുണ്ട്. B-11 പ്രകാരം 30729188 (After Depreciation) രൂപ മൂല്യമുള്ള ആസ്തികളുണ്ട്. ആസ്തി രജിസ്റ്റർ പൂർണ്ണ വിവരം ചേർത്ത് കാലികമാക്കിയിട്ടില്ല. കൃത്യത പരിശോധിക്കാനായിട്ടില്ല.

7) ഡിപ്രിസിയേഷൻ കണക്കാക്കിയ കാൽക്കുലേഷൻ ഷീറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

8). 2019-20 വാർഷിക കണക്ക് അപാകതകൾ ( ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-11)പരിഹരിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല.

## 1-12 അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ - യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല.

വരവ് ചെലവ് കണക്കുകൾ അതാത് ദിവസം തന്നെ അക്കൗണ്ട് ചെയ്യണമെന്നിരിക്കെ ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടുകളിൽ നിന്നും പണം പിൻവലിക്കുന്നത് യഥാസമയം സാംഖ്യയിൽ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ച് ദിവസങ്ങൾക്കുശേഷമാണ് അക്കൗണ്ട് ചെയ്യപ്പെടുന്നത്. ഇത് ഒരു ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| അക്കൗണ്ട് | ചെക്ക് നമ്പർ / തിയ്യതി | അക്കൗണ്ട് ചെയ്യേണ്ട തിയ്യതി | അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ച | അക്കൗണ്ട് ചെയ്ത തിയ്യതി |
|---|---|---|---|---|

| | | | തിയതി. | |
|---|---|---|---|---|
| STSB 715011400000025 | 2352354/02.04.2019 | 02.04.2019 | 06.04.2019 | 17.04.2019 |
| | 2352355/05.04.2019 | 05.04.2019 | 06.04.2019 | 20.04.2019 |
| | 2352365/03.06.2019 | 03.06.2019 | 03.06.2019 | 06.06.2019 |
| | 2352369/04.07.2019 | 04.07.2019 | 06.07.2019 | 08.07.2019 |
| | 2352371/25.07.2019 | 25.07.2019 | 25.07.2019 | 27.07.2019 |
| | 2352377/17.08.2019 | 17.08.2019 | 17.08.2019 | 20.08.2019 |
| | 2352384/20.09.2019 | 20.09.2019 | 20.09.2019 | 26.09.2019 |
| | 2352387/01.10.2019 | 01.10.2019 | 03.10.2019 | 11.11.2019 |
| | 2352388/03.10.2019 | 03.10.2019 | 04.10.2019 | 15.10.2019 |
| | 2352389/10.10.2019 | 10.10.2019 | 10.10.2019 | 15.10.2019 |
| | 2352390/10.10.2019 | 10.10.2019 | 10.10.2019 | 15.10.2019 |
| | 2352393/04.11.2019 | 04.11.2019 | 04.11.2019 | 05.11.2019 |
| | 2352399/16.12.2019 | 16.12.2019 | 17.12.2019 | 18.12.2019 |
| | 2352398/06.12.2019 | 06.12.2019 | 18.01.2020 | 20.01.2020 |

ചെലവുകൾ യഥാസമയം അക്കൗണ്ട് ചെയ്യാത്തതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.6/19-20/23.05.2022 ന് മറുപടി ലഭ്യമാക്കിയില്ല .

## 1-13 വാഹന വാടക – കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ക്വട്ടേഷൻ സ്വീകരിച്ചില്ല. 15000/- രൂപ നഷ്ടം.

| | |
|---|---|
| പദ്ധതി | മലപ്പുറം ബ്ളോക്ക് പഞ്ചായത്തിന്റെ എഞ്ചിനീയറിംഗ് വിങ്ങിന് വാഹനം വാടകക്ക് എടുക്കൽ 120/20 |
| അടങ്കൽ | 180000/- പ്ലാൻ ജനറൽ |
| ചെലവ് | 116000/- |
| ചെലവ് വിവരം | ബിൽ നം. 16/19-20/22.11.2019 – 29000/-<br>ബിൽ നം. 19/19-20/16.12.2019 – 29000/-<br>ബിൽ നം. 20/19-20/31.12.2019 – 29000/-<br>ബിൽ നം. 27/19-20/23.01.2020 – 29000/- |

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം മലപ്പുറം ബ്ളോക്ക് പഞ്ചായത്തിന്റെ എഞ്ചിനീയറിംഗ് വിങ്ങിന് വാഹനം വാടകക്ക് എടുക്കുന്നതിനായി 23.09.2019 ന് ക്വട്ടേഷൻ ക്ഷണിക്കുകയും 03.10.2019 ന് ലഭ്യമായ ക്വട്ടേഷനുകൾ തുറന്ന് പരിശോധിച്ച് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽക്വട്ടേഷൻ നോട്ടീസിൽ പറഞ്ഞ നിബന്ധനകൾ പാലിച്ചുകൊണ്ട് ഏറ്റവും കുറഞ്ഞ തുക (26000 ) ക്വാട്ട് ചെയ്ത ശ്രീ.മിർഹദദ് മഹ്റൂഫ്, S/Oഅബ്ദുറഹിമാൻ എന്നവരുടെ ക്വട്ടേഷൻ പരിഗണിക്കാതെ ഉയർന്ന തുക (29500/-) ക്വാട്ട് ചെയ്ത ശ്രീ,പ്രേംദാസ്.സി.കെ, S/O അയ്യപ്പൻ , പാപ്പിനിപ്പാറ എന്നവരുടെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തതായി കാണുന്നു. ക്വട്ടേഷൻ നോട്ടീസിലെ നിർദ്ദേശം പാലിക്കാതെ ഉയർന്ന തുക ക്വാട്ട് ചെയ്ത ക്വട്ടേഷൻ അംഗീകരിച്ച് പദ്ധതി നടപ്പിലാക്കിയത് വഴി 15000/- രൂപ അധികചെലവുണ്ടായിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.7/19-20/23.05.2022മറുപടി ലഭ്യമാക്കിയില്ല.

## 1-14 ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് നവീകരണം - സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രൊജക്റ്റ് നടപ്പാക്കി.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി 2019-20 , 20-21 വർഷങ്ങളിലായി നടപ്പാക്കിയ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് നവീകരണം - സിഡ്കോ ക്ക് വിഹിതം നൽകൽ എന്ന പ്രൊജക്റ്റ് ( 83/20, 75/21 ) പ്രകാരം ആകെ ₹ 2817628 ചെലവ് ചെയ്തിട്ടുണ്ട്.

വിശദ വിവരം താഴെ നൽകുന്നു.

പ്രൊജക്റ്റ് നം - 83/20, 75/21

കരാർ - 2/18-19 Dt 08.03.2019

ചെലവ്

1095854 ( Vr No- 21900230/11.11.2019 )

1112648 (Bill No- 20150163000600054491/ 11.04.2020 )

293698 (Bill No- 20150163000600935988/ 13.01.2021 )

315428 (Bill No- 20150163000601097984/ 17.02.2021 )

പ്രൊജക്റ്റ് നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി

1) സർക്കാർ ഉത്തരവിന് വിരുദ്ധമായി സിഡ്കോ മുഖേന പ്രൊജക്റ്റ് നടപ്പാക്കി.

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 22.06.2018 ലെ GO(RT) 1696/2018/LSGD നം ഉത്തരവ് പ്രകാരം ഡിഡ്കോയുടെ ചെറുകിട യൂനിറ്റുകളിൽ ഉൽപാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വാങ്ങുന്നതിനും ഫർണിഷിംഗ് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിനും സിഡ്കോ യെ ഒരു നോഡൽ ഏജൻസിയായാണ് അംഗീകരിച്ചത്.

ഒരു സ്ഥാപനത്തെ നോഡൽ ഏജൻസിയായി അംഗീകരിക്കുന്നത് ആസ്ഥാപനത്തിന് നേരിട്ട് ടെണ്ടർ ഇല്ലാതെ പ്രവൃത്തി നടത്തുന്നതിനുള്ള അനുമതിയല്ല. നോഡൽ ഏജൻസിയായി അംഗീകരിക്കപ്പെട്ട മേഖലയിലെ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ സാങ്കേതിക സഹായം നൽകുന്ന ഏജൻസികളാണ് നോഡൽ ഏജൻസികൾ.

സർക്കാർ ഉത്തരവ് മുഖേന അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിക്കപ്പെട്ട സ്ഥാപനങ്ങൾക്ക് മാത്രമെ ടെണ്ടർ ഇല്ലാതെ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കാനാകൂ. സിഡ്കോ യെ അക്രഡിറ്റഡ് ഏജൻസിയായി സർക്കാർ അംഗീകരിച്ചത് GO(P) No 77/2019/Fin Dt 04.07.2019 നം ഉത്തരവ് മുഖേനയാണ്. ഈ ഉത്തരവ് പ്രകാരം സിഡ്കോ ക്ക് PMC ( Project Management Consultant ) എന്ന നിലക്ക് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. PMC എന്ന നിലയിൽ അംഗീകാരം ലഭിച്ച സ്ഥാപനങ്ങൾക്ക് പ്രവൃത്തി നേരിട്ട് നേരിട്ട് നടപ്പാക്കുന്നതിന് അനുമതിയും ഇല്ല എന്നതും ശ്രദ്ധേയമാണ്.

ബ്ലോക്ക് പഞ്ചായത്ത് കരാർ ചമക്കുന്ന സമയത്ത് ഫർണിഷിംഗ് പ്രവൃത്തികളുടെ നോഡൽ ഏജൻസിയായും സിഡ്കോ മുഖേന ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ വിതരണം ചെയ്യുന്നതിനുമുള്ള അനുമതി മാത്രമാണ് സിഡ്കോക്ക് ഉള്ളത്.

എന്നാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി ഫർണിഷിംഗ് പ്രവൃത്തി ടെണ്ടർ ഇല്ലാതെ സിഡ്കോ മുഖേന നടപ്പാക്കി.

2) സിഡ്കോ യൂനിറ്റുകൾ ഉൽപാദിപ്പിക്കുന്നതല്ലാത്ത ഉൽപന്നങ്ങൾ ടെണ്ടർ ഇല്ലാതെ സിഡ്കോ യിൽ നിന്ന് വാങ്ങി.

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 22.06.2018 ലെ GO(RT) 1696/2018/LSGD നം ഉത്തരവ് പ്രകാരം ഡിഡ്കോയുടെ ചെറുകിട യൂനിറ്റുകളിൽ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ വിതരണം ചെയ്യുന്നതിനാണ് സിഡ്കോക്ക് അനുമതി നല്കിയിട്ടുള്ളത്.

എന്നാൽ മേൽ പ്രൊജക്റ്റ് പ്രകാരം സിഡ്കോ വിതരണം ചെയ്ത ചെയർ, സൗണ്ട് സിസ്റ്റം തുടങ്ങിയ ഉൽപന്നങ്ങൾ സിഡ്കോ യൂനിറ്റുകൾ ഉത്പാദിപ്പിച്ചവയല്ല എന്നാണ് ഓഡിറ്റിന് വ്യക്തമായത്.

ഇത്തരത്തിൽ വിതരണം ചെയ്യുന്ന ഉൽപന്നങ്ങൾ സിഡ്കോ യൂനിറ്റുകൾ ഉത്പാദിപ്പിക്കുന്നവയാണ് എന്ന സാക്ഷ്യപത്രം ബില്ലിൽ രേഖപ്പെടുത്തേണ്ടതുണ്ട്. അത്തരത്തിൽ സാക്ഷ്യപത്രം സിഡ്കോയുടെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ നൽകിയിട്ടില്ല.

സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രൊജക്റ്റ് നടപ്പാക്കിയതിലെ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/25-05-2022) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കാത്തതിനാൽ 2019-20 വർഷത്തെ ചെലവ് ₹1095854 രൂപ തടസ്സം ചെയ്യുന്നു.

## 1-15 ഇ ടെണ്ടർ - ടെണ്ടർ ഫീ ബ്ലോക്ക് ഫണ്ടിൽ ഒടുക്ക് വരുത്തിയിട്ടില്ല.

2019-20 വർഷത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, അസിസ്റ്റന്റ് എഞ്ചിനിയർ എന്നിവർ നടപ്പാക്കുന്ന വിവിധ പ്രവൃത്തികൾ ഇ ടെണ്ടർ മുഖേനയാണ് ടെണ്ടർ ചെയ്തിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തിയിട്ടില്ല. ഈ തുക LSGD മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിലാണ് വരവ് വന്നത് എന്നും തുക ലഭിക്കുന്നതിന് കത്ത് നൽകി തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി.

ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്ക് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് നവീകരണം- പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ

2016-17 വർഷ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നേടിയ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് നവീകരണം ( 106/20 ) എന്ന പ്രൊജക്ട് പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയത് 2019-20 വർഷത്തിലാണ്.

പ്രൊജക്ട് നടത്തിപ്പ് പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിച്ചിട്ടില്ല - പിഴ ഈടാക്കാതെ പണം നൽകി .

2016-17 വർഷത്തിൽ അംഗീകാരം ലഭിച്ച ഈ പ്രൊജക്റ്റ് പൂർത്തീകരിക്കുന്നതിന് ആറ് മാസത്തെ സമയം ആയിരുന്നു അനുവദിച്ചത്. പ്രവൃത്തി പൂർത്തീകരിച്ചത് ഏകദേശം രണ്ട് വർഷം കഴിഞ്ഞതിന് ശേഷമാണ്. എന്നാൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം വരുത്തിയതിന് ഈടാക്കേണ്ട പിഴ കരാറുകാരനിൽ നിന്ന് ഈടാക്കിയിട്ടില്ല.

മരാമത്ത് പ്രവൃത്തികൾ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് നിശ്ചിത നിരക്കിൽ പിഴ ഈടാക്കേണ്ടതാണെന്ന് കേരള PWD മാന്വലിലും ,തദ്ദേശ സ്വയംഭരണ വകുപ്പിന്റെ Ac2/223/15/LSGD തീയതി 18-08-2018 സർക്കുലറിലും വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്.

നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത മരാമത്ത് പ്രവൃത്തികൾക്ക് ആദ്യ മൂന്ന് മാസത്തിന് കരാർ തുകയുടെ 1% നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% നിരക്കിലും പിഴ ഈടാക്കുന്നതിനാണ് സർക്കാർ സർക്കുലറിൽ നിർദ്ദേശിച്ചത്.

കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നുവെങ്കിൽ ഇക്കാര്യം വ്യക്തമാക്കി

കരാറുകാരൻ അപേക്ഷ സമർപ്പിക്കേണ്ടതും ഇത് സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകിയ സ്ഥാപനം സമയം ദീർഘിപ്പിച്ച് നൽകുകയുമാണ് ചെയ്യേണ്ടത്.

വിശദ വിവരം താഴെ നൽകുന്നു.

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് നവീകരണം.

Est No- 2016/2806

TS – 73693/2016-17 Dt 03.05.2017 ₹ 2101237 (Cl – 36.19%)

പൂർത്തീകരണകാലയളവ്- 6 മാസം ( Work Order )

കരാറുകാരൻ- ശ്രീ മൻസൂറലി കെ

കരാർ - 07/AEE/LSGD/MPM/2017-18 Dt.14.06.2017 ₹ 1502174

PAC – 1502174

സൈറ്റ് കൈമാറിയത്- 14.06.2017 ( Work Order )

M Book – 3/17-18, 62/18-19

പൂർത്തീകരിച്ചത്- 27.03.2019

ചെലവ് - ₹1498370 (₹705602 (17-18), ₹ 792768 ( 19150163021700390605/ 26.07.2019 )

ഈ പ്രവൃത്തിയുടെ പാർട്ട് ബില്ല് കൈപ്പറ്റിയ ശേഷം കരാറുകാരൻ പിന്നീട് പ്രവൃത്തി നടത്തുന്നത് 3/ 2019 ലാണ്. പ്രവൃത്തി പൂർത്തീകരിക്കണമെങ്കിൽ മറ്റൊരു പ്രവൃത്തി പൂർത്തീകരിക്കേണ്ടതുണ്ട് എന്നും പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കണമെന്നും കരാറുകാരൻ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകിയിട്ടില്ല. കൂടാതെ പ്രവൃത്തി പൂർത്തീകരിക്കണം എന്ന് ആവശ്യപ്പെട്ട് 27.12.2018 , 18.01.2019 തിയ്യതികളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്. കൂടാതെ 08.02.2019 ന് പ്രവൃത്തി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/ പ്രസിഡന്റിനും കത്ത് നൽകിയിട്ടുണ്ട്. ഇതിൽ നിന്നും കരാറുകാരൻ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് വീഴ്ച വരുത്തിയിട്ടുണ്ട് എന്നത് വ്യക്തമാണ്.

പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴ ഈടാക്കാത്തിനാലുണ്ടായ നഷ്ടം താഴെ നൽകുന്നു.

| പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|
| 13.12.2017 | 27.03.2019 | വൈകിയത് - 15 മാസം 14 ദിവസം.<br>ഈടാക്കേണ്ട പിഴ - 139766<br>[14.12.2017 To 13.03.2018 @ 1% Of PAC – 15022<br>14.03.2018 To 13.06.2018 @2% Of PAC – 30043<br>14.06.2018 To 13.09.2018@2% Of PAC - 30043<br>14.09.2018 To 13.12.2018 @2% Of PAC - 30043<br>14.12.2018 To 13.03.2019 @2% Of PAC - 30043<br>14.03.2019 To 27.03.2019 @2% Of PAC – 14/92 - 4572 |

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി നം 9/23.05.2022 ) പ്രവൃത്തി വൈകിയതുമൂലമുള്ള പിഴ ഒടുക്കാൻ നിർദ്ദേശിച്ച് കരാറുകാരന് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പിഴ ഉത്തരവാദികളിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

2) അനാവശ്യമായ പ്രവൃത്തി നടപ്പാക്കി പണം പാഴ്ചെലവാക്കി.

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇനം 3 പ്രകാരം മീറ്റിംഗ് ഹാൾ സ്റ്റേജ്, സെക്രട്ടറി, പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരുടെ റൂമുകളിലും കയർ കാർപ്പറ്റ് വിരിക്കുന്നതിന് പണം നൽകിയിട്ടുണ്ട്. ( 54.71 $M^2$ @1309.537/$m^2$). എന്നാൽ മീറ്റിംഗ് ഹാൾ സ്റ്റേജിലൊഴികെ മറ്റൊരിടത്തും കയർ കാർപ്പറ്റ് വിരിച്ചത് കണ്ടെത്താനായില്ല.

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി നം 9/23.05.2022 ) പ്രസിഡന്റ് , സെക്രട്ടറി, വൈസ് പ്രസിഡന്റ് എന്നിവരുടെ റൂമുകളിൽ കയർ മാറ്റ് വിരിച്ചത് കണ്ട് ബോധ്യപ്പെട്ടതിന് ശേഷമാണ് പ്രവൃത്തിക്ക് പണം നൽകിയത് എന്നും അറിയിച്ചിട്ടുണ്ട്. ഇതിൽ നിന്നും മനസ്സിലാകുന്നത് പ്രവൃത്തി നടപ്പാക്കിയതിന് ശേഷം കയർ കാർപ്പറ്റ് എടുത്ത് മാറ്റിതായിരിക്കും എന്നാണ്.

പ്രൊജക്റ്റ് ആരംഭിക്കുന്നതിന് മുമ്പ് തന്നെ ടൈൽ ചെയ്ത ഫ്ലോറിംഗ് ഉള്ള മേൽ പരാമർശിക്കപ്പെട്ട റൂമുകളിൽ കയർ കാർപ്പറ്റ് വിരിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയത് പൊതുപണത്തിന്റെ പാഴ്ചെലവിന് കാരണമായതായി ഓഡിറ്റ് വിലയിരുത്തുന്നു.

പ്രവൃത്തികളുടെ ശരിയായ പൂർത്തീകരണത്തിന് ആവശ്യമായ ഇനങ്ങൾ മാത്രം ഉൾപ്പെടുത്തിയും അനാവശ്യമായ ഇനങ്ങൾ ഒഴിവാക്കിയും എസ്റ്റിമേറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം- പിഴ ഈടാക്കിയില്ല

മരാമത്ത് പ്രവൃത്തികൾ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് നിശ്ചിത നിരക്കിൽ പിഴ ഈടാക്കേണ്ടതാണെന്ന് കേരള PWD മാന്വലിലും ,തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലറിലും വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. ഓഡിറ്റ് കാലയളവിൽ നടപ്പാക്കിയതിൽ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കാലതാമസം വരുത്തിയ പ്രവൃത്തി കരാറുകാരിൽ നിന്നും സർക്കാർ നിർദ്ദേശപ്രകാരമുള്ള പിഴ ഈടാക്കാതെ കരാറുകാർക്ക് പണം നൽകിയതായിവ്യക്തമായി.

നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത മരാമത്ത് പ്രവൃത്തികൾക്ക് ആദ്യ മൂന്ന് മാസത്തിന് കരാർ തുകയുടെ 1% നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% നിരക്കിലും പിഴ ഈടാക്കേണ്ടതാണ് എന്നാണ് ഗവ സർക്കുലറിൽ വ്യക്തമാക്കിയിട്ടുള്ളത് (Ac2/223/15/LSGD തീയതി 18-08-2018 ). ഇത്തത്തിൽത്തന്നെയാണ് കരാറിലും വ്യക്തമാക്കിയിട്ടുള്ളത്.

കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നവെങ്കിൽ ഇക്കാര്യം വ്യക്തമാക്കി കരാറുകാരൻ അപേക്ഷ സമർപ്പിക്കേണ്ടതും ഇത് സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകിയ സ്ഥാപനം സമയം ദീർഘിപ്പിച്ച് നൽകുകയുമാണ് ചെയ്യേണ്ടത്.

പൂർത്തീകരണ സമയം ദീർഘിപ്പിക്കുന്നതിനു കരാറുകാരൻ അപേക്ഷ സമർപ്പിക്കാത്ത, പൂർത്തീകരണം വൈകിയ താഴെ പരാമർശിച്ച പ്രവൃത്തി കരാറുകാരനിൽനിന്നും പിഴ ഈടാക്കിയിട്ടില്ല.

I-പാണായിതോടിന് വീട്ടികമണ്ണിൽ മൂക്കിൽ തടയണ നിർമ്മാണം തുടർ പ്രവൃത്തികൾ ( 89/20 )

TS – 1510/2017-18 Dt 11.05.2017 ₹ 750000 (CI – 40.2%)

പൂർത്തീകരണകാലയളവ്- 6 മാസം ( Work Order )

കരാറുകാരൻ- ശ്രീ ഉമ്മർ കെ

കരാർ - 11/AEE/LSGD/MPM/2017-18 Dt.24.08.2017 ₹ 738008

PAC – 738008

സൈറ്റ് കൈമാറിയത്- 25.08.2017 ( Work Order )

M Book – 38/18-19

പൂർത്തീകരിച്ചത്- 25.03.2019

ചെലവ് - ₹740008 ( 19150163021700032453/ 05.04.2019 )

പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴ ഈടാക്കാത്തിനാലുണ്ടായ നഷ്ടം താഴെ നൽകുന്നു.

| പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|
| 24.02.2018 | 25.03.2019 | വൈകിയത് - 13 മാസം 1 ദിവസം<br>ഈടാക്കേണ്ട പിഴ - 56416<br>[25.02.2018 To 24.05.2018 @ 1% Of PAC – 7380<br>25.05.2018 To 24.08.2018@2% Of PAC – 14760<br>25.08.2018 To 24.11.2018 @2% Of PAC - 14760<br>25.11.2018 To 24.02.2019 @2% Of PAC - 14760<br>25.02.2019 To 25.03.2019 @2% Of PAC X29/90- 4756 |

പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം വരുത്തിയ കരാറുകാരിൽ നിന്ന് നിയമാനുസൃതമായ പിഴ ഈടാക്കേണ്ടതാണ്.

(ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 10/24.05.2022 )ലഭ്യമാക്കിയ മറുപടിയിൽ പിഴ ഒടുക്ക് വരുത്തുന്നതിന് നിർദ്ദേശിച്ച് കരാറുകാരന് കത്ത് നൽകിയിട്ടുണ്ട് എന്നാണ് അറിയിച്ചത്.)

## 1-18 ഷി ടോയ്‌ലെറ്റ് & ഷി സെന്റർ നിർമാണം - ബ്ലോക്ക് പഞ്ചായത്തിന് നടപ്പാക്കാൻ അനുമതിയില്ലാത്ത പ്രൊജക്റ്റ് നടപ്പാക്കി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി 2018-19 വർഷത്തിൽ അംഗീകാരം ലഭിച്ച ഷി ടോയ്‌ലെറ്റ് & ഷി സെന്റർ നിർമാണം എന്ന പ്രൊജക്റ്റ് 2019-20 , 20-21 വർഷങ്ങളിലായി നടപ്പാക്കിയിട്ടുണ്ട്. പ്രൊജക്റ്റ് പ്രകാരം 4 സർക്കാർ സ്കൂളുകളിലും 4 എയ്ഡഡ് സ്കൂളുകളിലും ടോയ്‌ലറ്റ് നിർമ്മിച്ച് നൽകുകയാണ് ചെയ്തത്.

വിശദ വിവരം താഴെ നൽകുന്നു

| പ്രൊജക്റ്റ് | അടങ്കൽ | കുറിപ്പ് |
|---|---|---|
| ഷി ടോയ്‌ലറ്റ് & ഷി സെന്റർ (31/19, ) | 3301390 (Revised) | നിർവഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |

| | | |
|---|---|---|
| | | സാങ്കേതികാനുമതി- 4401500<br>101322/2018-19 Dt 04.12.2018<br>കരാറുകാരൻ - ശ്രീ മുഹമ്മദ് അഷ്റഫ് കെ<br>കരാർ - കരാർ പത്രത്തിൽ ഒപ്പ് വച്ചിട്ടില്ല.<br>ചെലവ് - ₹ 1360209<br>( വൗച്ചർ നം 21900399/17.04.2022)<br>പ്രൊജക്റ്റ് നടപ്പാക്കിയ സ്ഥാപനങ്ങൾ.<br>GUPS അരിമ്പ്ര, GMLPS മറ്റത്തൂർ, GMLPS പന്തല്ലൂർ, GMLPS പൂക്കോട്ടൂർ, AUPS പെരിമ്പലം (ആനക്കയം ), AMLPS പൂവാട് , AMLPS ചേങ്ങോട്ടൂർ (പൊൻമള), AMUPS ഉമ്മത്തൂർ (കോഡൂർ) |

ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ മേൽ പ്രൊജക്ടുകളുടെ രേഖകൾ പരിശോധിച്ചതിൽ പ്രൊജക്ട് തയ്യാറാക്കിയതിലും നടപ്പാക്കിയതിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാൻ അനുമതിയല്ലാത്ത പ്രൊജക്റ്റ് തയ്യാറാക്കി നടപ്പാക്കി .

കേരള പഞ്ചായത്ത് രാജ് നിയമം നാലാം പട്ടിക പ്രകാരം വിദ്യാഭ്യാസ മേഖലയിൽ സർക്കാർ വ്യവസായ പരിശീലന സ്ഥാപനങ്ങളുടെ നടത്തിപ്പ് മാത്രമാണ് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉള്ളത്. സ്കൂളുകൾ ഒന്നും തന്നെ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിലല്ല. നിയമ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയില്ലലാത്ത മേഖലയിൽ ഫണ്ട് ചെലവഴിക്കുന്നതിന് സർക്കാറിന്റെ അനുമതി ആവശ്യമാണ്.

ഈ കാലയളവിലേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 നമ്പർ ഉത്തരവ് പ്രകാരം എല്ലാ ഗവർമെന്റ് സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്ലെറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന് ശേഷം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാവുന്നതാണ് എന്നാണ് പറയുന്നത്.

ഗ്രാമ, ജില്ലാ പഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള സ്കൂളുകളിലെ പശ്ചാത്തല വികസന പ്രൊജക്ടുകൾ അവയുടെ സമ്മതത്തോടെ ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാം എന്നും ഈ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാർ സ്കൂളുകൾ മാത്രമാണ് ഇത്തരത്തിൽ ഗ്രാമ, ജില്ലാ പഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ളത്. ആയതിനാൽ തന്നെ സർക്കാർ സ്കൂളുകളുടെ പശ്ചാത്തല വികസന പ്രൊജക്ടുകൾ മാത്രമെ മേൽ ഉത്തരവ് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാനാവൂ. സർക്കാർ സ്കൂളുകൾ അല്ലാത്ത എയ്ഡഡ് സ്കൂളുകളിൽ ബ്ലോക്ക് പഞ്ചായത്തിന് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. എന്നാൽ അത്തരത്തിൽ ഒരു അനുമതിയില്ലാതെയാണ് ബ്ലോക്ക് പഞ്ചായത്ത് ഈ പ്രൊജക്റ്റ് നടപ്പാക്കിയത്.

2) ടോയ്ലറ്റ് ആവശ്യകത സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല .

ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ സ്കൂളുകളിൽ ടോയ്റ്റ് സൗകര്യം ഒരുക്കുന്നതിന് 44 ലക്ഷത്തോളം രൂപ ചെലവഴിച്ച് പ്രൊജക്റ്റ് തയ്യാറാക്കുമ്പോൾ ബ്ലോക്ക് പ്രദേശത്തെ ഓരോ സ്കൂളുകളെയും സംബന്ധിച്ച് വ്യക്തമായ വിവര ശേഖരണം നടത്തി അവയുടെ ആവശ്യകത നിർണയിക്കേണ്ടതായിരുന്നു. ഇത്തരത്തിൽ ഒരു വിവര ശേഖരണം നടത്തിയിട്ടില്ല.

ഇത്തരത്തിൽ പഠനം നടത്താതെ ഓരോ സ്കൂളിന്റെയും ആവശ്യകത നിർണ്ണയിച്ചത് എങ്ങനെയാണ് എന്ന് വ്യക്തമല്ല.

3) സർക്കാർ സ്കൂളുകളിലെ സൗകര്യങ്ങൾ പര്യാപ്തമാണ് എന്ന സാക്ഷ്യപത്രം ഇല്ല .

മുഴുവൻ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്ലെറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന് ശേഷം മാത്രം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാനാണ് മാർഗ്ഗരേഖ പ്രകാരം സർക്കാർ അനുമതി ഉള്ളത്.

എന്നാൽ ഇവിടെ ബ്ലോക്ക് പഞ്ചായത്ത് പ്രൊജക്ട് തയ്യാറാക്കുന്നതിന് മുമ്പ് ബ്ലോക്ക് പ്രദേശത്തെ എല്ലാ സർക്കാർ സ്കൂളുകളിലും കുട്ടികളുടെ എണ്ണത്തിനാനുപാതികമായി മേൽ പറയുന്ന എല്ലാ സൗകര്യങ്ങളും ഉണ്ടോ എന്ന് പരിശോധന നടത്തിസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഏതാനും സ്കൂളുകളിലെ സാക്ഷ്യപത്രം ലഭ്യമാക്കിയത് ശരിയായ മാതൃകയിൽ അല്ല.

4) എയ്ഡഡ് സ്കൂളുകളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല .

ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വളരെയധികം എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നതിൽ നിന്ന് ടോയ്ലറ്റ് നിർമ്മിച്ച് നൽകുന്നതിന് നാല് സ്കൂളുകളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്താണ് എന്നത് ഫയലിൽ നിന്ന് വ്യക്തമല്ല. ഇത്തരത്തിൽ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തതിന് അടിസ്ഥാനമാക്കിയ മാനദണ്ഡം സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക്( 4/23.05.2022 ) മറുപടി ലഭ്യമാക്കിയതിൽ സർക്കാർ നിർദ്ദേശപ്രകാരം സർക്കാർ സ്കൂളുകളിൽ ആവശ്യത്തിന് സൗകര്യം ഉണ്ട് എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് പ്രൊജക്റ്റ് നടപ്പാക്കിയത് എന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ പ്രസ്തുത മറുപടികൾ സാധൂകരിക്കുന്നതിനുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന് പ്രൊജക്റ്റ് നടപ്പാക്കാൻ അനുമതിയില്ലാത്ത എയ്ഡഡ് സ്കൂളുകളിൽ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ടോയ്ലറ്റ് നിർമ്മിച്ച് നൽകിയത് അംഗീകരിക്കാനാവില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായ ചെലവിന് സർക്കാറിൽനിന്ന്

സാധൂകരണം ലഭ്യമാക്കുന്നത്വരെ ചെലവ് ₹ 1360209 തടസ്സം ചെയ്യുന്നു.

### 1-19 പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം

ബ്ലോക്ക് പഞ്ചായത്ത് എഞ്ചിനിയറിംഗ് വിഭാഗം 2019-20 ൽനടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

I) പ്രവൃത്തികൾ പുരോഗതി

2019-20 വർഷത്തിൽ എൽ.എസ്.ജി.ഡി എഞ്ചിനിയറിംഗ് വിഭാഗം നിർവ്വഹണ ഉദ്യോഗസ്ഥരായി ആകെ പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 30 പ്രൊജക്ടുകളിലായി ആകെ 11725741 രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 60 | ആകെ അടങ്കൽ | 53926961 |
| നടപ്പിലാക്കിയത് | 30 | ചെലവ് | 11725741 |
| ശതമാനം | 50% | ചെലവ് ശതമാനം | 21.74 |

II-ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല .

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെനിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

III) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല .

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽർ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെ അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

IV) രജിസ്റ്ററുകൾ സൂക്ഷിപ്പ്

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 19.01.2017 ലെ ഇ7/11350/2015/CE/ത.സ്വ.ഭ.വ നമ്പർ സർക്കലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനിയറിംഗ് ഓഫീസുകളിൽ വിവധ രജിസ്റ്ററുകൾ സൂക്ഷിക്കാൻ നിർദേശിച്ചിട്ടുണ്ട്. എന്നാൽ എഞ്ചിനിയറിംഗ് ഓഫീസിൽ ഇവ പൂർണ്ണമായി എഴുതി സൂക്ഷിക്കുന്നില്ല.

പ്രൊജക്ട് രജിസ്റ്റർ , ടെണ്ടർ ഫോറം ഇഷ്യൂ രജിസ്റ്റർ, ഉടങ്ങിയ രജിസ്റ്ററുകൾ പരിശോധനക്ക് ഹാജറാക്കിയിട്ടില്ല. ഹാജറാക്കിയ വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ അപാകതകൾ കണ്ടു

1)കാഷ് ബുക്ക്

2019-20 വർഷത്തെ കാഷ് ബുക്ക് എഴുതി പൂർത്തീകരിച്ചിട്ടില്ല. എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടുകളിലെ വരവ് ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

എല്ലാ വരുവുകളും ചെലവുകളും കാഷ്ബുക്കിൽ എഴുതുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2) സെക്യൂരിറ്റി രജിസ്റ്റർ

സെക്യൂരിറ്റി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി, ഡിഫക്റ്റ് ലയബിലിറ്റി കാലയളവ്, സെക്യൂരിറ്റി തിരിച്ച നൽകേണ്ട തിയ്യതി എന്നിങ്ങനെ ആവശ്യമായ എല്ലാ വിവരങ്ങളും ചേർക്കാതെയാണ് രജിസ്റ്റർ എഴുതിയിട്ടുള്ളത്.

V)പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല .

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല.

മേൽ പരാമർശിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 20.05.2022 മുതൽ 21.05.2022 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 1330000 | പ്രോ.നം-5/20 ലൈഫ് ഭവന പദ്ധതി ജനറൽ | 1330000 | 0 |
| ജില്ലാ പഞ്ചായത്ത് | 784000 | പ്രോ.നം-10/20 ലൈഫ് ഭവന പദ്ധതി SC | 784000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തി | വൗച്ചർ,ബിൽ നമ്പർ | നൽകിയ തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | 133/20 തൊഴുത്തും പിലവ് കുടിവെള്ള പദ്ധതി -വൈദ്യുതീകരണം | 39/19-20 /01-10-2019 | 55956 | പൂർത്തീകരിച്ച | 0 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

### 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

### 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 40 | 2001-02 | V.10.1(1) | വാട്ടർ ഫിൽട്ടർ സ്ഥാപിക്കൽ | നടപടികൾ തുടരുന്നു |
| 2013-14 | 3(1) | 2014-15 | 4-1-5 | നിഷ്ക്രിയ ആസ്തികളുടെ അവലോകനം | നടപടികൾ തുടരുന്നു |

### 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക,രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2004-05 | 2-4, 2-5 | ശ്രീ. സി.പി സുകുമാരൻ, | LF19445/spl.cell /SC5/09 | 36547/- | -- | -- | -- | -- | -- | 36547/- |

| | | | | /28-06-10 | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറി യിലൂടെ ഈടാക്കിയ തുക,രസീത് | കോടതി വ്യവഹാ രങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേ ഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാ ക്കിയ തുക | | |
| 1 | 2000-01 | 2-13 | ശ്രീ. പി.കെ മോയിൻകുട്ടി, സെക്രട്ടറി, ഗ്രാമവികസന വകുപ്പ്. | LF17165/spl.cell /SC-5/08 /21-06-10 | 20956/- | -- | -- | -- | -- | -_ | 20956/- |
| 2 | 2000-01 | 2-22 | ശ്രീ. ജി ബാബുകുമാർ, സെക്രട്ടറി, ഗ്രാമവികസന വകുപ്പ്. | LF17165/spl.cell /SC-5/08 /21-06-10 | 38218/- | -- | -- | -- | -- | -- | 38218/- |
| 3 | 1997-98 | 27,28,29,30,31 | ശ്രീ.ടി. സന്തോഷ് | LF/8597/ Spl.cell/SC- 3/01/3-3-2003 | 12633/- | -- | -- | -- | -- | -- | 12633/- |

തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 51108640 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 42337551 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 24,56,063 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 1095854 | ശ്രീമതി.നിർമ്മല.ടി, സെക്രട്ടറി |
| 1-18 | 1360209 | ശ്രീ.അനിൽദാസ്.കെ.ടി,<br>അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 2456063 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകൾ

| ക്രം.ന | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | 2000-01 | എൽ.എഫ്.എം.4/1078/12 തി.15.06.2012 | 21 | |
| 2 | 2001-02 | എൽ.എഫ്.എം.4/3285/14(2) തി.31.12.2014 | 1 | |
| 3 | 2002-03 | കെ.എസ്.എ.എം.പി.എം.4/3287/2014 തി.26.04.2017 | 3 | |
| 4 | 2003-04 | എൽ.എഫ്.എം.4/3285/14(4) തി.31.12.2014 | 7 | |
| 5 | 2004-05 (ചെലവ്) | എൽ.എഫ്.എം.4/3285/14(5) തി.31.12.2014 | 3 | |
| 6 | 2005-06 (ചെലവ്) | എൽ.എഫ്.എം.4/3285/14(6) തി.31.12.2014 | 24 | |
| 7 | 2006-07 (ചെലവ്) | എൽ.എഫ്.എം.4/3285/14(7) തി.31.12.2014 | 17 | |
| 8 | 2007-08 (ചെലവ്) | എൽ.എഫ്.എം.4/3285/14(8) തി.31.12.2014 | 24 | |
| 9 | 2008-09 | എൽ.എഫ്.എം.4/3285/14(9) തി.31.12.2014 | 15 | |
| 10 | 2009-10 | എൽ.എഫ്.എം.4/3285/14(10) തി.31.12.2014 | 10 | |
| 11 | 2010-11 | എൽ.എഫ്.എം.4/3285/14(11) തി.31.12.2014 | 12 | |
| 12 | 2011-12 | എൽ.എഫ്.എം.4/3285/14 തി.25.04.2018 | 7 | |
| 13 | 2012-13 | എൽ.എഫ്.എം.4/1127/14 തി.29.01.2016 | 3 | |
| 14 | 2013-14 | എൽ.എഫ്.എം.4/3311/14 തി.09.01.2015/24.01.2015 | 5 | |
| 15 | 2014-15 | എൽ.എഫ്.എം.4/2506/15 തി.18.04.2018 | 1 | |
| 16 | 2015-16 | നം.കെ.എസ്.എ.എം.പി.എം4/2841/2018 തി.14.06.2019 | 9 | |
| 17 | 2016-17 | കെ.എസ്.എ.എം.പി.എം4/159/2019 തി.01.06.2019 | 10 | |
| 18 | 2017-18 | കെ.എസ്.എ.എം.പി.എം4/1894/2021 തി.09-02-2022 | 5 | |
| 19 | 2018-19 | കെ.എസ്.എ.എം.പി.എം4/1895/2021/09-02-2022 തി. | 6 | |

കുറിപ്പ്: 1999-2000 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ ശക്തമായ ഇടപെടലുകളും തീരുമാനങ്ങളും ത്വരിതപ്പെടുത്തി പരാമർശങ്ങൾക്ക് തീർപ്പ് കൽപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധ നൽകേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എം.എ.6/2022

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്